# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 24 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

---

**തിരുത്ത്**

ഇന്നയച്ച ഒന്നാമത്തെ പത്രക്കുറിപ്പിൽ തിരുത്തുണ്ട്. നിർബന്ധമായും കറക്ടഡ്കോപ്പി മാത്രം ഉപയോഗിക്കുക. തങ്ക അങ്കി ഘോഷയാത്രയുടെ വാർത്തയിലാണ് തിരുത്തുള്ളത്

### അയ്യപ്പന് ഇന്ന് തങ്ക അങ്കി ചാർത്തൽ: ശബരിമല ഭക്തസാഗരം

ശബരിമല: മണ്ഡലമഹോത്സവത്തിന് സമാപനം കുറിക്കുന്ന മണ്ഡലപൂജയക്ക് ഇനി മണിക്കൂറുകൾ. ജനലക്ഷങ്ങൾ കാത്തിരുന്ന തങ്ക അങ്കി ചാർത്തൽ ചടങ്ങ് ഇന്ന് ദീപാരാധന സമയത്ത് സന്നിധാനത്ത് നടക്കും. ഘോഷയാത്രയുടെ വരവേൽപ്പിനും സന്നിധാനത്തെ ചടങ്ങുകൾക്കും സാക്ഷിയാകാൻ ഭക്തജനങ്ങൾ ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നു. ഉച്ചയ്ക്ക് പമ്പയിൽ എത്തിച്ചേരുന്ന തങ്ക അങ്കി ഘോഷയാത്ര പമ്പയിൽനിന്ന് മൂന്നുമണിക്ക് പുറപ്പെട്ട് അഞ്ചുമണിക്ക് ശരംകുത്തിയിൽ എത്തിച്ചേരും. സന്നിധാനത്ത് തന്ത്രി കണ്ഠര് രാജീവരുടെ കൈയ്യിൽനിന്നും പൊട്ടുതൊട്ട് ദേവസ്വംബോർഡ് അധികൃതർ അഞ്ചുമണിയോട് ശരംകുത്തിയിലെത്തിയാണ് ആചാരപ്രകാരമുള്ള സ്വീകരണം നൽകുക. ഇവിടെനിന്ന് സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കുന്ന ഘോഷയാത്ര നടപ്പന്തൽവഴി പതിനെട്ടാംപടിയുടെ മുകളിലെത്തി അ

വിടെവച്ച് തന്ത്രി ആചാരപൂർവം തങ്ക അങ്കി ഏറ്റുവാങ്ങും. തുടർന്ന് ശ്രീകോവിലിലേക്ക് കൊണ്ടുവരുന്ന തങ്ക അങ്കി അയ്യപ്പവിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തും.

ഇന്ന് രാവിലെ എട്ടിന് പെരുനാട് ക്ഷേത്രത്തിൽ നിന്ന് തങ്കയങ്കി ഘോഷയാത്ര തുടരും. ഒൻപതിന് ളാഹ സത്രം, 10ന് പ്ലാപ്പള്ളി, 11ന് നിലയ്ക്കൽ ക്ഷേത്രം, ഉച്ചകഴിഞ്ഞ് ഒന്നിന് ചലക്കയം തുടർന്ന് ഒന്നരയ്ക്ക് പമ്പയിലെത്തി വിശ്രമം. വൈകിട്ട് മൂന്നിന് പമ്പയിൽനിന്നും പുറപ്പെട്ട് അഞ്ചുമണിയോടെ ശരംകുത്തിയിൽ എത്തിച്ചേരും. കഴിഞ്ഞ 22ന് ആറന്മുള ശ്രീ പാർത്ഥസാരഥിക്ഷേത്രത്തിൽനിന്നുമാണ് ഘോഷയാത്ര ആരംഭിച്ചത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ
DECEMBER 24 2016

## ശബരിമല പത്രക്കുറിപ്പ് 2



ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


---

### ശബരിമല വരുമാനത്തിൽ 14.76 കോടി രൂപയുടെ വർധന

- മൊത്തം വരുമാനം 141.18 കോടി രൂപ
- ഇ-കാണിക്കയായി 3,92,637 രൂപ

ശബരിമല: ശബരിമലയിൽ മണ്ഡല-മകരവിളക്ക് മഹോത്സവത്തിന്റെ 36-ാം ദിവസം പിന്നിട്ടപ്പോൾ വരുമാനത്തിൽ 14.76 കോടി രൂപയുടെ വർധനയുണ്ടായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. സന്നിധാനത്തെ ദേവസ്വം സമുച്ചയത്തിൽ നടന്ന പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ വർഷം ഡിസംബർ 23 ന് മൊത്തം വരുമാനം 126,42,74,705 രൂപയായിരുന്നത് ഈ വർഷം 141,18,84,595 കോടി രൂപയായി വർധിച്ചു. അഭിഷേകം 1,34,57,303 രൂപ, അപ്പം 11,08,84,825 രൂപ, അരവണ 62,02,22,640 രൂപ, വെള്ളനിവേദ്യം 6,51,100 രൂപ, ശർക്കര പായസം 43,18,380 രൂപ, അർച്ചന 9,91,570 രൂപ, മാലവടി പൂജ 1,28,050 രൂപ, പഞ്ചാമൃതം 25,89,980 രൂപ, ആടിയ ശിഷ്ടം നെയ്യ് 1,03,08,100 രൂപ, ബുക്ക് സ്റ്റാൾ 39,97,755 രൂപ, കാണിക്ക 47,53,18,354 രൂപ, മാളികപ്പുറം 86,28,040 രൂപ, മുറിവാടക 2,76,18,804 രൂപ, അയ്യപ്പചക്രം 2,79,840 രൂപ, ഡോണർ ഹൗസ് 19,02,000 രൂപ, മറ്റിനം 1,76,15,900 രൂപ, സംഭാവന

80,98,704 രൂപ, കരാർ 9,82,56,803 രൂപ, മണിയോർഡർ 71,514 രൂപ, പൂജിച്ച മണി 1,38,160 രൂപ, അന്നദാന സംഭാവന 64,06,773 രൂപ എന്നിങ്ങനെയാണ് വിവിധയിനങ്ങളിലായുള്ള വരുമാനം. ഇ-കാണിക്കയായി 3,92,637 രൂപ ലഭിച്ചു.

## കേരളീയ ഭക്ഷണത്തിന് പുറമെ മറ്റ് ദക്ഷിണേന്ത്യൻ ഭക്ഷണവും നൽകാൻ ആലോചന: ദേവസ്വം പ്രസിഡന്റ്

- കാനനപാതയിലൂടെ എത്തുന്നവർക്ക് ദർശനത്തിന് പ്രത്യേക പാസ്
- വെർച്വൽ ക്യൂവിനൊപ്പം ദർശനം സാധ്യമാക്കും

ശബരിമല: ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുള്ള തീർഥാടകർക്ക് ദേവസ്വം അന്നദാന കേന്ദ്രങ്ങളിൽ കേരളീയ ഭക്ഷണത്തിന് പുറമെ ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഭക്ഷണംകൂടി നൽകുന്ന കാര്യം ആലോചനയിലുണ്ടെന്ന് തിരുവതാംകൂർ ദേവസ്വം പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. സന്നിധാനത്തെ ദേവസ്വം സമുച്ചയത്തിൽ മാധ്യമപ്രവർത്തകരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

പരമ്പരാഗത കാനനപാതയിലൂടെ വരുന്ന തീർഥാടകർക്ക് വെർച്വൽക്യൂവിനു സമാനമായി ആയാസരഹിതമായി ദർശനം നടത്തുന്നതിന് പ്രത്യേക പാസ് നൽകും. കരിമല വഴി എത്തുന്ന തീർഥാടകർക്കെല്ലാം മകരവിളക്ക് ഉത്സവകാലം മുതൽ പാസ് നൽകും. 33 കിലോമീറ്ററോളം കാനനപാതയിലൂടെ സഞ്ചരിച്ചാണ് തീർഥാടകർ പമ്പയിലെത്തുന്നത്. ഇവർക്ക് പ്രത്യേക പരിഗണിണന നൽകണമെന്ന് നേരിട്ടു നടത്തിയ കാനനയാത്രയിൽ മനസിലാക്കാനായതായി പ്രസിഡന്റ് പറഞ്ഞു.

മാധ്യമപ്രവർത്തകരുടെ സമയോചിതമായ ഇടപെടലിന്റെ ഫലമായി നിരവധി ക്രിയാത്മക നേട്ടങ്ങളും സൗകര്യവും കൈവരിക്കാനായി. 2000 പേർക്ക് ഒരേസമയമിരുന്ന് ഭക്ഷണം കഴിക്കാൻ സാധിക്കുന്ന അന്നദാനമണ്ഡപത്തിന്റെയും പമ്പയിൽ ആയിരം പേർക്ക് ഭക്ഷണം കഴിക്കാവുന്ന മണ്ഡപത്തിന്റെയും നിർമാണം പൂർത്തീകരിക്കാൻ കഴിഞ്ഞു. ദർശനസമയം അഞ്ചു മണിക്കൂർ വർധിപ്പിക്കാനായത് ക്യൂ കുറയ്ക്കാൻ സഹായിച്ചു. ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കാൻ ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ട്. മണ്ഡലകാലം തുടങ്ങി ഇതുവരെ 500 ൽ താഴെ പ്ലാസ്റ്റിക് കുപ്പികൾ മാത്രമാണ് സന്നിധാനത്ത് എത്തിയത്. ദേവസ്വം ബോർഡിന്റെ ചുമതലയിൽ പമ്പയിലും നിലയ്ക്കലിലും വാട്ടർ കിയോസ്ക്കുകൾ സ്ഥാപിച്ചു. മണിക്കൂറിൽ 27,000 ലിറ്റർ ശുദ്ധീകരിച്ച് കുടിവെള്ളം നൽകുന്നു. സന്നിധാനത്ത് 400 ടാപ്പുകളും പമ്പയിൽ 200 ടാപ്പുകളും സജ്ജീകരിച്ചു. 1.97 കോടി ലിറ്റർ കുടിവെള്ളം നൽകി. നെയ്യഭിഷേകം നടത്താൻ ക്യൂ നിൽക്കുന്നവർക്ക് ഇരുന്ന് വിശ്രമിക്കാൻ 1000 കസേര സജ്ജമാക്കി. പുതിയ രണ്ട് നെയ്ത്തോണികൾ സ്ഥാപിച്ചു. പമ്പയിലും നിലയ്ക്കലും സന്നിധാനത്തുമായി 1100 ടോയ്ലെറ്റുകൾ നിർമിച്ചു. പമ്പയിൽ മനുഷ്യവിസർജ്ജ്യം ഒഴുക്കാതിരിക്കാൻ ആറു ദശലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഹോൾഡിങ് ടാങ്ക് സ്ഥാപിച്ചതായും പ്രസിഡന്റ് പറഞ്ഞു.

പത്രസമ്മേളനത്തിൽ ബോർഡംഗങ്ങളായ അജയ് തറയിൽ, കെ. രാഘവൻ,

ദേവസ്വം കമ്മിഷണർ രാമരാജ പ്രേമപ്രസാദ്, എക്സിക്യൂട്ടീവ് ഓഫീസർ ആർ. രവിശങ്കർ, ഫെസ്റ്റിവൽ കൺട്രോളർ ജി.എസ്. ബൈജു, പി.ആർ.ഒ. മുരളി കോട്ടയ്ക്കകം എന്നിവർ പങ്കെടുത്തു.

## ശരംകുത്തിയിൽ തീർത്ഥാടകൻ ഹൃദയസ്തംഭനംമൂലം മരിച്ചു

ശബരിമല: ശരംകുത്തിയിൽ ഹൃദയസ്തംഭനത്തെത്തുടർന്ന് തീർത്ഥാടകൻ മരിച്ചു. രാമനാഥപുരം സ്വദേശി ഷൺമുഖവേൽ (44) ആണ് മരിച്ചത്. ശരംകുത്തിയിലുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 24 | 2016 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


# സന്നിധാനത്ത് പൊലീസിന്റെ ഗാനാർച്ചന

ശബരിമല: സന്നിധാനത്ത് അയ്യപ്പന് പൊലീസിന്റെ ഗാനാർച്ചന. സീനിയർ സിവിൽ പൊലീസ് ഓഫീസറായ കാട്ടൂർ ഹരികുമാറും സംഘവുമാണ് സന്നിധാനം ശ്രീധർമശാസ്താ ഓഡിറ്റോറിയത്തിൽ രണ്ടരമണിക്കൂർ നീണ്ട ഭക്തിഗാനസുധ അവതരിപ്പിച്ചത്. ഉത്തരമേഖല ഐ.ജി. ദിനേന്ദ്ര കാശ്യപ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

തുടർച്ചയായി ഇത് എട്ടാംതവണയാണ് ഹരികുമാറും സംഘവും സന്നിധാനത്ത് ഗാനാർച്ചന നടത്തിയത്. കേരളത്തിനകത്തും പുറത്തുമായി പ്രശസ്തമായ നിരവധി ക്ഷേത്രങ്ങളിൽ പരിപാടി അവതരിപ്പിക്കുന്നുണ്ട്. ശ്രീരാഗത്തിൽ വിനകളൊഴിക്കും കൊട്ടാരക്കര ഗണപതി ഭഗവാനേ... എന്നു തുടങ്ങുന്ന സ്തുതിഗാനത്തോടെയാണ് പരിപാടി തുടങ്ങിയത്. ഇരുപത് അയ്യപ്പസ്തുതി ഗാനങ്ങൾ ആലപിച്ചു. നാരങ്ങാനം മധുസൂദനനും ഗാനങ്ങൾ ആലപിച്ചു. റെജി ചാരുത, വിക്രമൻ വടശേരിക്കര ഭദ്രൻ മല്ലപ്പള്ളി, പ്രശാന്ത് പത്തനംതിട്ട എന്നിവർ പക്കമേളമേകി.

സന്നിധാനം സ്പെഷൽ ഓഫീസർ എൻ. വിജയകുമാർ, അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ കാർത്തികേയൻ ഗോകുലചന്ദ്രൻ, പുണ്യം പൂങ്കാവനം കോ-ഓർഡിനേറ്റർ എം. രമേശ് കുമാർ, സന്നിധാനം എസ്.ഐ. ബി. വിനോ

ദ് കുമാർ, ദേവസ്വം പി.ആർ.ഒ. മുരളി കോട്ടയ്ക്കകം എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

## ഉദ്യോഗസ്ഥതല അവലോകന യോഗം നടന്നു

## ആശുപത്രികളിൽ ചികിത്സതേടിയത് 1.10 ലക്ഷം പേർ; അഞ്ചുദിവസം കൊണ്ട് എക്സൈസ് 275 കേസെടുത്തു

ശബരിമല: മണ്ഡലകാല തീർഥാടനം ആരംഭിച്ച് ഇതുവരെ 1.10 ലക്ഷം പേർ ആരോഗ്യവകുപ്പിന്റെ വിവിധ ആശുപത്രികളിലായി ചികിത്സതേടി. ദേവസ്വം സമുച്ചയത്തിൽ നടന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും അവലോകന യോഗത്തിൽ ആരോഗ്യവകുപ്പ് സന്നിധാനം നോഡൽ ഓഫീസർ ഡോ. ജി. സുരേഷ് ബാബുവാണ് ഇക്കാര്യം അറിയിച്ചത്. ഹൃദയസംബന്ധമായ അസുഖങ്ങളുമായി എത്തിയ 111 പേരെ രക്ഷിക്കാനായി. മൂന്നു പേർക്കു പാമ്പുകടിയേറ്റു. ഇന്നലെ വരെ 27 തീർഥാടകരാണ് തീർഥാടനത്തിനിടെ ഹൃദയാഘാതം മൂലം മറ്റും മരിച്ചത്. ഇതിൽ ഭൂരിഭാഗം പേരും 40നും 60നും ഇടയിൽ പ്രായമുള്ളവരാണ്. അഞ്ചു പേർ റോഡ് അപകടങ്ങളിൽ മരിച്ചു. ഒരാൾ മുങ്ങിമരിച്ചു. ആയുർവേദാശുപത്രികളിൽ 26,000 പേർ ചികിത്സതേടി.

തങ്കയങ്കി അണിയിച്ചുള്ള ദീപാരാധനയ്ക്ക് സോപാനത്തിലേക്ക് ഉദ്യോഗസ്ഥരെയടക്കം പ്രത്യേക പാസ് നൽകിയേ കയറ്റൂ. ഉച്ചയ്ക്കുശേഷം തീർഥാടകർക്ക് നിയന്ത്രണമുണ്ടാകും.

ലൈസൻസില്ലാതെ പഴക്കട നടത്തിയതിന് 25,000 രൂപ പിഴയീടാക്കിയതായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പറഞ്ഞു. നിരോധിത പുകയില ഉത്പന്നങ്ങൾ പിടിച്ചതിന് 38 കേസുകളിലായി 7600 രൂപ പിഴ ഈടാക്കി. എക്സൈസ് അഞ്ചുദിവസം കൊണ്ട് പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തതിന് 275 കേസുകൾ രജിസ്റ്റർ ചെയ്തു. 55,000 രൂപ പിഴ ഈടാക്കി. എക്സിക്യൂട്ടീവ് ഓഫീസർ ആർ. രവിശങ്കർ ആധ്യക്ഷ്യം വഹിച്ചു. സന്നിധാനം സ്പെഷൽ ഓഫീസർ എൻ. വിജയകുമാർ, ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ ജി.എസ്. ബൈജു, ദേവസ്വം പി.ആർ.ഒ. മുരളി കോട്ടയ്ക്കകം, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ഹൃദ്രോഗികൾ ശാരീരികക്ഷമത ഉറപ്പുവരുത്തി മാത്രം മലകയറുക

ശബരിമല: ഹൃദയസംബന്ധമായ അസുഖമുള്ളവർ വേണ്ടത്ര വൈദ്യപരിശോധന നടത്തി ശാരീരികക്ഷമത ഉറപ്പുവരുത്തി മാത്രം മലകയറണമെന്ന് സന്നിധാനം ഹെൽത്ത് നോഡൽ ഓഫീസർ ഡോ. ജി.

സുരേഷ് ബാബു അറിയിച്ചു. ഹൃദയസംബന്ധമായ അസുഖമുള്ളവർ കഴിക്കുന്ന മരുന്നുകൾ കൃത്യമായ അളവിൽ കഴിക്കണം. പ്രമേഹവും രക്തസമ്മർദവും ഉള്ളവർ നിയന്ത്രിക്കത്തക്ക മരുന്നുകൾ കഴിക്കണം. വ്രതം നോക്കുമ്പോൾ മരുന്നുകൾ നിർത്തരുത്. സമയമെടുത്ത് സാവകാശമേ മല കയറാവൂ. ക്ഷീണമോ ബുദ്ധിമുട്ടോ അനുഭവപ്പെട്ടാൽ ഉടൻ വിശ്രമിക്കണം. വീണ്ടും ക്ഷീണം അനുഭവപ്പെട്ടാൽ മലകയറ്റം തുടരാൻ ശ്രമിക്കരുത്. തൊട്ടടുത്ത എമർജൻസി മെഡിക്കൽ സെന്ററിലെത്തി വൈദ്യസഹായം തേടുക. ശരണവഴികളിൽ ഓരോ 50 മീറ്ററിലും എമർജൻസി മെഡിക്കൽ സെന്ററുണ്ട്. ക്ഷീണം അനുഭവപ്പെടുന്നവരെ നിർബന്ധിച്ച് മല കയറ്റി കൊണ്ടുപോവരുത്. കഴിക്കുന്ന മരുന്നുകളുടെ കുറിപ്പടിയോ മരുന്നോ ഡോക്ടർമാരുടെ ഉപദേശമടങ്ങുന്ന രേഖകളോ കൈയിൽ കരുതണമെന്നും അദ്ദേഹം അറിയിച്ചു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ
DECEMBER 24 2016

## ശബരിമല പത്രക്കുറിപ്പ് 4



ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


# തങ്കി അങ്ക ഘോഷയാത്ര;
# ഇന്ന് തീർഥാടക നിയന്ത്രണം

**- ഡിസംബർ 26ന് രാത്രി ശബരിമല നട അടയ്ക്കും**

ശബരിമല: തങ്കി അങ്ക ഘോഷയാത്രയോടനുബന്ധിച്ച് ഇന്ന്(ഡിസംബർ 25) തീർഥാടക നിയന്ത്രണം ഏർപ്പെടുത്തി. ഉച്ചയ്ക്കുശേഷം തങ്ക അങ്കി ഘോഷ യാത്ര സന്നിധാനത്തേക്ക് പുറപ്പെട്ടതിനുശേഷമേ തീർഥാടകരെ കടത്തിവി ടൂ. ഘോഷയാത്ര ഓരോ സ്ഥലവും പിന്നിട്ടതിനുശേഷമേ തീർഥാടകരെ കട ത്തിവിടൂ. ഉച്ചകഴിഞ്ഞ് മൂന്നിനു ശേഷം സോപാനത്തിലേക്ക് ഉദ്യോഗസ്ഥ രെയടക്കം കടത്തിവിടുന്നതിന് പ്രത്യേക പാസ് ഏർപ്പെടുത്തിയിട്ടുണ്ട്. പാസ് ഇല്ലാത്തവരെ സോപാനത്തിലേക്ക് കടത്തിവിടില്ല.

സുരക്ഷയ്ക്കായി 2000 പൊലീസുകാരെ നിയോഗിച്ചിട്ടുണ്ട്. 15 സെക്ടറുകളാ യാണ് ജോലിക്ക് നിയോഗിച്ചിരിക്കുന്നത്. മണ്ഡലകാല തീർഥാടനത്തിന് സ മാപനമായി ഡിസംബർ 26ന് ശബരിമല നട അടയ്ക്കും. രാത്രി ഹരിവരാസ നം ചൊല്ലിയാണ് നട അടയ്ക്കുന്നത്. മകരവിളക്ക് ഉത്സവത്തിനായി ഡിസം ബർ 30ന് വൈകിട്ട് അഞ്ചിന് നട തുറക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.